ARCHDIOCESE OF TRICHUR

Half Yearly Examination Sept.-2011

Sunday Catechism

Std. I | Time: 2hrs

Mark: 50

I. പേരുപറയുക 5

1. പുല്ലും പൂവും പൂന്തോപ്പും സുന്ദരസസ്യലതാദികളും നിറയും മോഹനമീലോകം ആരുടെ കരവിരുതാണ്?
2. ആദ്യത്തെ സ്ത്രീ ആര്?
3. എല്ലാറ്റിനേയും ഇല്ലായ്മയിൽ നിന്ന് സൃഷ്ടിച്ചതാര്?
4. ഈശോ ജനിച്ചതെവിടെ?
5. ഈശോയുടെ വളർത്തുപിതാവ്?

II. പൂരിപ്പിക്കുക 5

6. ദൈവം ആദിയിൽ പുരുഷനും സ്ത്രീയുമായി ————നെ സൃഷ്ടിച്ചു.
7. അപ്പനേക്കാളും അമ്മയേക്കാളും കൂടുതൽ ———— എന്നെ സ്നേഹിക്കുന്നു.
8. സൃഷ്ടിച്ച എല്ലാറ്റിനേയും ————കാത്ത് പരിപാലിക്കുന്നു.
9. എന്നെ കാത്തുസൂക്ഷിക്കാനായി ദൈവം ————യെ തന്നിരിക്കുന്നു.
10. ഈശോയുടെ പിറന്നാളാണ് ————

III. ശരിയോ തെറ്റോ എന്നുപറയുക 10

11. പകൽ ചന്ദ്രനും നക്ഷത്രങ്ങളും വെളിച്ചം നൽകുന്നു
12. എല്ലാം ദൈവം സൃഷ്ടിച്ചു.
13. ആദിയിൽ ദൈവം ആകാശവും ഭൂമിയും അതിലുള്ള സർവ്വതും സൃഷ്ടിച്ചു.
14. ജീവൻ നൽകുന്നത് ദൈവമല്ല
15. ഞാൻ ദൈവത്തെ സ്നേഹിക്കേ.
16. പക്ഷികളെയും മൃഗങ്ങളെയും ദൈവം തീറ്റിപ്പോറ്റുന്നു.
17. സൃഷ്ടികളായ മനുഷ്യർ എപ്പോഴും സൃഷ്ടാവായ ദൈവത്തെ സ്തുതിച്ചിരുന്നു.
18. ദൈവം തന്റെ പുത്രനെ നമുക്കായി അയച്ചു.
19. ദൈവം എല്ലാവരുടേയും പിതാവല്ല.
20. ആദ്യത്തെ പുരുഷൻ ആദം

IV. ഉത്തരംപറയുക 20

21. ദൈവം മനുഷ്യനെ സൃഷ്ടിച്ചതെങ്ങനെ?
22. ദൈവം നമുക്കുവേി സൃഷ്ടിച്ച ഏതെങ്കിലും നാലു കാര്യങ്ങൾ എഴുതുക

23. ഏതെല്ലാം വിധത്തിലാണ് ദൈവം നമ്മെ പരിപാലിക്കുന്നത്?
24. മാലാഖമാർ ആട്ടിടയരെ അറിയിച്ച സന്തോഷവാർത്ത എന്ത്?
25. സൃഷ്ടികളായ മനുഷ്യർ എപ്പോഴൊക്കെയാണ് ദൈവത്തെ സ്തുതിച്ചിരുന്നത്?

## V. പ്രാർത്ഥന ചൊല്ലുക 4

26. "നന്മ നിറഞ്ഞ മറിയമേ" എന്ന ജപം

## VI. പാട്ടു പാടുക

6

27. സർവ്വശക്തനായ ദൈവം

- - - - - - - - - - - - - - -
- - - - - - - - - - - - - -
- - - - - - - - - - - - - -

പാടി വാഴ്ത്തീടാം

# ARCHDIOCESE OF TRICHUR

## Half Yearly Examination Sept.-2011

## Sunday Catechism

Std. II — Time: 2hrs

Mark: 50

## I. പേരുപറയുക

5

1. സകല ജീവികളെയും സൃഷ്ടിച്ച ദൈവം അവസാനം സൃഷ്ടിച്ചതാരെ?
2. എന്താണ് ദൈവത്തിന്റെ ഛായ?
3. ഏദൻതോട്ടത്തിന്റെ മറ്റൊരു പേര്?
4. ദൈവം നൽകിയ മംഗളവാർത്ത നാം ഓർമ്മിക്കുന്ന ജപം?
5. ആദവും ഹവ്വായും ഏദൻതോട്ടത്തിൽ ദൈവത്തോടൊപ്പം സന്തോഷത്തോടെ കഴിയുന്നത് കണ്ട സാത്താന് എന്താണ് തോന്നിയത്?

## II. പൂരിപ്പിക്കുക

10

6. ദൈവകല്പന ലംഘിച്ചതിനാൽ ————ന്റെ മുൻപിൽ വരാൻ ആദത്തിനും ഹവ്വായ്ക്കും ധൈര്യം ഉണ്ടായില്ല.
7. ആദത്തിന്റെയും ഹവ്വായുടെയും കഷ്ടതകളും ക്ലേശങ്ങളും കണ്ട് ദൈവത്തിന് ——തോന്നി.
8. കന്യകയായ മറിയം താമസിച്ചിരുന്ന പട്ടണത്തിന്റെ പേരാണ് ————
9. രക്ഷകന്റെ വരവിനെക്കുറിച്ചുള്ള വാർത്ത മറിയത്തെ അറിയിച്ചത് ———മാലാഖ ആണ്.
10. യൂദയായിലെ ———എന്ന പട്ടണത്തിലാണ് ഈശോ പിറന്നത്.
11. പാപം ചെയ്യുന്നതു വഴി നാം ————ൽ നിന്ന് അകലുന്നു.
12. ഏദൻതോട്ടത്തിൽ നിന്ന് പുറത്താക്കപ്പെട്ട ആദത്തോടും ഹവ്വയോടും കരുണ തോന്നിയ ദൈവം അവർക്ക് —————വാഗ്ദാനം ചെയ്തു.
13. —————സന്തോഷം ഇല്ലാതാകുന്നു.
14. വി. യൗസേപ്പിന്റെ വംശത്തിന്റെ പേര് ———— എന്നാണ്.
15. ഉണ്ണീശോ കാലിത്തൊഴുത്തിൽ ജനിച്ചതിന്റെ ഓർമ്മയ്ക്കായിട്ടാണ് നാം ———ഉണ്ടാക്കുന്നത്.

## III. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം പറയുക

20

16. എന്താണ് പറുദീസയിലെ സന്തോഷം?
17. ആദവും ഹവ്വയും ചെയ്ത പാപം എന്ത്?
18. കന്യകാമറിയത്തിൽ നിന്നും ജനിച്ച വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകന്റെ പേര്?
19. ഗബ്രിയേൽ മാലാഖ മറിയത്തോട് പറഞ്ഞതെന്ത്?
20. മാലാഖമാർ ഈശോയെ സ്തുതിച്ചതെങ്ങനെ?
21. എന്താണ് മംഗളവാർത്ത?
22. മാലാഖയുടെ അറിയിപ്പ് കേട്ട മറിയം പറഞ്ഞതെന്ത്?
23. സന്തോഷം ഉണ്ടാകണമെങ്കിൽ നാം എന്തു ചെയ്യണം?

# ARCHDIOCESE OF TRICHUR

## Half Yearly Examination Sept.-2011

## Sunday Catechism

Std. III — Time: 2hrs

Mark: 50

**I. പേരെഴുതുക** 5

1. കായേൻ കർത്താവിന്റെ സന്നിധിവിട്ട് ഏത് ദേശത്താണ് വാസമുറപ്പിച്ചത്?
2. നോഹയുമായി ദൈവം ചെയ്ത ഉടമ്പടിയുടെ അടയാളമെന്ത്?
3. നോഹയുടെ കഥ ഉൾപ്പെട്ടിരിക്കുന്ന വിശുദ്ധ ഗ്രന്ഥത്തിലെ പുസ്തകം ഏത്?
4. അബ്രാഹം വസിച്ചിരുന്ന ദേശം?
5. യാക്കോബിന്റെ സന്തതിപരമ്പര വിളിക്കപ്പെടുന്ന പേര്?

**II. പൂരിപ്പിക്കുക** 5

6. ദൈവത്തിന്റെ വചനം നിരസിക്കാൻ ആദിമാതാപിതാക്കളെ പ്രേരിപ്പിച്ചത് ————— ആണ്.
7. —————മലയിൽ ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന മോശക്ക് കത്തിജ്വലിക്കുന്ന മുൾപടർപ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടു.
8. സ്വർഗ്ഗരാജ്യത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയിൽ ശരിയായ വഴി കാണിക്കാൻ ——————— സഹായിക്കുന്നു.
9. ഈജിപ്തിൽ നിന്ന് കാനാൻദേശം ലക്ഷ്യമാക്കിയുള്ള യാത്രയിൽ ————ആയിരുന്നു ഇസ്രായേൽക്കാരുടെ നേതാവ്.
10. ..............കൂടെ കഴിയുന്നതാണ് മനുഷ്യന്റെ ഏറ്റവും വലിയ സന്തോഷം.

**III. താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ സംഭവിച്ച ക്രമത്തിൽ എഴുതുക** 5

11.
   1. ഭൂമിയിൽ ജലപ്രളയമുണ്ടായി
   2. കായേൻ ആബേലിനെ കൊന്നു.
   3. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു
   4. ബാബേൽ ഗോപുരം നിർമ്മിക്കാൻ തുടങ്ങി
   5. ആദവും ഹവ്വയും ദൈവത്തെ ധിക്കരിച്ചു
   6. ദൈവം മനുഷ്യനെ സൃഷ്ടിച്ചു

**IV. ആര് ആരോട് പറഞ്ഞു എന്നെഴുതുക** 7

12. "കർത്താവ് കൽപിക്കുന്നതെല്ലാം ഞങ്ങൾ ചെയ്തുകൊള്ളാം"
13. "നിന്റെ ദേശത്തേയും ബന്ധുക്കളെയും, പിതൃഭവനത്തേയും വിട്ട്, ഞാൻ കാണിച്ചു തരുന്ന നാട്ടിലേക്ക് പോവുക"
14. "നീയും നിന്റെ കുടുംബവും പെട്ടകത്തിൽ പ്രവേശിക്കുക"
15. "ഇതാ ഇസ്രായേൽ മക്കളുടെ നിലവിളി എന്റെയടുത്ത് എത്തിയിരിക്കുന്നു. ഈജിപ്തുകാർ അവരെഎപ്രകാരം മർദ്ദിക്കുന്നുവെന്ന് ഞാൻ കണ്ടു. ആകയാൽ വരു, ഞാൻ നിന്നെ ഫറവോയുടെ അടുക്കലേക്കയയ്ക്കാം. നീ എന്റെ ജനമായ ഇസ്രായേൽ മക്കളെ ഈജിപ്തിൽ നിന്ന് പുറത്തു കൊണ്ടു വരണം."
16. "നീ കോപിച്ചിരിക്കുന്നതെന്തിന്? നിന്റെ മുഖം വാടിയിരിക്കുന്നതെന്തുകൊണ്ട്? ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ?"
17. "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം ഭക്ഷിച്ചുകൊള്ളുക. എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നരുത്?"
18. "എനിക്കറിഞ്ഞുകൂടാ, എന്റെ സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?"

## V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരം പറയുക 18

19. ദൈവം നമുക്ക് ജീവൻ തന്നിരിക്കുന്നത് എന്തിനാണ്?
20. ആദവും ഹവ്വായും മരങ്ങൾക്കിടയിൽ ഒളിച്ചുനിൽക്കാൻ കാരണമെന്ത്?
21. പത്തുകല്പനകൾ എത്ര കല്പനകളിലാണ് സംഗ്രഹിച്ചരിക്കുന്നത്?അവ ഏവ?
22. ദൈവം ഇസ്രായേൽക്കാരെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് രക്ഷിച്ചതെങ്ങനെ?
23. ദൈവം പറഞ്ഞതനുസരിച്ച് അബ്രാഹം തമാസമാക്കിയത് എവിടെ?അബ്രാഹത്തിന്റെ പുത്രന്റെ പേരെന്ത്?
24. ജീവനിലേക്കുള്ള വഴികൾ ഏവ?
25. ജലപ്രളയംകൊണ്ട് ദൈവം ഭൂമിയെ ശിക്ഷിക്കാൻ കാരണമെന്ത്?
26. ആബേലിന്റെ ബലി ദൈവം സ്വീകരിച്ചത് എന്തുകൊണ്ട്?
27. ഗോപുരം നിർമ്മിക്കാൻ ശ്രമിച്ചവരെ ദൈവം എങ്ങനെയാണ് ചിതറിച്ചത്?

28. പത്തു പ്രമാണങ്ങൾ എഴുതുക.

10

# ARCHDIOCESE OF TRICHUR

## Half Yearly Examination Sept.-2011

## Sunday Catechism

Std. IV　　　　　　　　　　　　　　　　　　　　　　　　Time: 2hrs

Mark: 50

**I. പേരെഴുതുക** 5

1. കൂദാശകളിൽ ആദ്യത്തെ മൂന്നെണ്ണം അറിയപ്പെടുന്നത്?
2. മാമ്മോദീസയുടെ കർമ്മങ്ങൾ ആരംഭിക്കുന്നത് എവിടെവച്ച്?
3. നമുക്ക് പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ശക്തിയും വരങ്ങളും ലഭിക്കുന്നത് ഏത് കൂദാശയിലൂടെയാണ്?
4. ദൈവം തന്റെ വാഗ്ദാനപ്രകാരം അബ്രാഹത്തിന് നൽകിയ ഏകമകൻ?
5. രക്ഷപ്രദാനം ചെയ്യുന്ന ഈശോയുടെ സ്നേഹവിരുന്ന്?

**II. പൂരിപ്പിക്കുക** 5

6. ഈശോയിൽ വിശ്വസിച്ച് അവിടുത്തെ വചനം പാലിക്കുന്നവർക്ക് ———— ലഭിക്കുന്നു.
7. നമ്മെ മിശിഹായുടെ ശരീരത്തിലെ അംഗങ്ങളാക്കുകയും സഭാകൂട്ടായ്മയിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്ന കൂദാശയാണ് ————.
8. ————പറയുന്നു. "നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്".
9. നമ്മിലേക്ക് ————എത്തിക്കുന്ന നീർച്ചാലുകളാണ് കൂദാശകൾ.
10. മാമ്മോദീസയുടെ തുടർച്ചയും പൂർത്തീകരണവുമാണ് ————

**III. ചേരുംപടിചേർക്കുക** 5

| | | | |
|---|---|---|---|
| 11. | കുർബാന | - | വിശുദ്ധീകരിക്കുന്ന കർമ്മം |
| 12. | പെസഹാ | - | ക്രൈസ്തവജീവിതത്തിന്റെ വാതിൽ |
| 13. | മാമ്മോദീസ | - | സമർപ്പണം |
| 14. | കൂദാശ | - | പന്ത്രണ്ട് |
| 15. | പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ | - | കടന്നുപോകൽ |
| | | - | പതിന്നാല് |
| | | - | കുമ്പസാരം |

**IV. ശരിയോ തെറ്റോ എന്നെഴുതുക** 6

16. നമ്മിൽ പരിശുദ്ധാത്മാവ് ജീവിക്കുന്നതിന്റെ അടയാളമാണ് ആത്മാവിന്റെ ഫലങ്ങൾ
17. അബ്രാഹം പുത്രനെ ബലികഴിക്കാൻ ഹൊറെബ് മലയിലേക്ക് കൊണ്ടുപോയി.
18. സഭാശരീരത്തിന്റെ ശിരസ്സ് നമ്മളോരോരുത്തരുമാണ്.
19. മാമ്മോദീസയിലെ രണ്ടാമത്തെ തൈലംപൂശൽ ആത്മാഭിഷേകത്തെ സൂചിപ്പിക്കുന്നു.
20. സഭയിലെ ആദ്യത്തെ രക്തസാക്ഷിയാണ് എസ്തപ്പാനോസ്
21. ദൈവപിതാവിന് നമ്മോടുള്ള സ്നേഹത്തിന്റെ ഏറ്റവും വലിയ പ്രകാശനമാണ് ഈശോയുടെ കാൽവരിയിലെ ബലി.

**V. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** 8

22. എന്തിനാണ് ഈശോ കൂദാശകൾ സ്ഥാപിച്ചത്?
23. കൂദാശകൾ എന്നാലെന്ത്?
24. കുർബാനയെന്ന ബലി എന്ത്?
25. വി. കുർബാനയെ ഐക്യത്തിന്റെ കൂദാശ എന്നു വിളിക്കുന്നതെന്തുകൊണ്ട്?

**VI. മൂന്നോനാലോ വാക്യത്തിൽ ഉത്തരമെഴുതുക** 6

26. പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ എത്ര? അവ ഏവ?

27. മാമ്മോദീസായിലെ ദൃശ്യമായ അടയാളങ്ങൾ ഏവ? അവ ഓരോന്നും എന്തിനെ സൂചിപ്പിക്കുന്നു?

**VII. ബൈബിളിൽ നിന്നും ഉദ്ധരിച്ച് അദ്ധ്യായവും വാക്യവും എഴുതുക** 4

28. "അവന്റെ പൂർണ്ണതയിൽനിന്ന് ................................കൃപ സ്വീകരിച്ചിരിക്കുന്നു".

29. "അവൻ പറഞ്ഞു: ഏശയ്യ ദീർഘദർശി പറഞ്ഞതുപോലെ, ....................................ശബ്ദമാണ് ഞാൻ".

**VIII. സന്ദർഭം വിവരിക്കുക** 6

30. "ഇതാ നിഷ്കപടനായ ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ".

31. "അവൻ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ".

**IX. ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക** 5

32. "തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം" എന്ന കൽപന നിങ്ങളുടെ ജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കാൻ സാധിക്കും?

# ARCHDIOCESE OF TRICHUR
## Half Yearly Examination Sept.-2011
## Sunday Catechism

Std. V Time: 2hrs

Mark: 50

**I. ഉത്തരമെഴുതുക** 5

1. വിശുദ്ധഗ്രന്ഥത്തിൽ ആകെ എത്ര പുസ്കങ്ങളുണ്ട്?
2. അബ്രാഹം ജനിച്ചതെവിടെ?
3. ജോസഫിന്റെ പുത്രന്മാർ?
4. ആരെയാണ് ദൈവം മോശക്ക് സഹായത്തിനായി നൽകിയത്?
5. ഇസ്രായേൽക്കാർ കയ്പുള്ള വെള്ളം കണ്ടെത്തിയതെവിടെ?

**II. പൂരിപ്പിക്കുക** 5

6. മനുഷ്യകുലത്തെ രക്ഷിക്കാനായി ദൈവം നടത്തിയ രക്ഷാകര പദ്ധതിയുടെ ആദ്യഭാഗമാണ് ——— ഗ്രന്ഥങ്ങളിൽ കാണുന്നത്.
7. നാട്ടിലെ ഏറ്റവും നല്ല ദേശമായ ———ആണ് ഫറവോയുടെ കൽപനയനുസരിച്ച് ജോസഫ് തന്റെ പിതാവിനും സഹോദരന്മാർക്കുമായി നൽകിയത്.
8. ദൈവം ഈജിപ്തിലേക്ക് അയച്ച എട്ടാമത്തെ ബാധ ——— ആയിരുന്നു
9. വാക്ചാതുര്യം കുറഞ്ഞ മോശക്കുവേണ്ടി സംസാരിക്കാൻ ദൈവം ചുമതലപ്പെടുത്തിയത് ——— ആയിരുന്നു.
10. ഇസ്രായേൽക്കാർ കുടിക്കാൻ വെള്ളമില്ലാതെ വലഞ്ഞപ്പോൾ ——— ലെ പാറമേൽ വടി കൊണ്ടടിക്കാൻ ദൈവം മോശയോട് കൽപിച്ചു.

**III. ചേരുംപടി ചേർക്കുക** 2

| | | | |
|---|---|---|---|
| 11. | യാക്കോബ് | - | കടന്നുപോകൽ |
| 12. | മോശ | - | യാബോക്ക് |
| 13. | പെസഹാ | - | ഇസ്രായേൽ |
| 14. | അരുവി | - | വെള്ളത്തിൽനിന്ന് എടുക്കപ്പെട്ടവൻ |
| | | - | ബഥേൽ |
| | | - | ദൈവവുമായി മൽപിടുത്തം നടത്തുന്നവൻ |

**IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** 14

15. പുതിയനിയമത്തിലെ പുസ്തകങ്ങൾ ഏവ?
16. അബ്രാഹത്തിന്റെ ജീവിതം നമുക്ക് നൽകുന്ന സന്ദേശമെന്ത്?
17. യാക്കോബിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതെന്ത്?
18. രക്ഷാകരപദ്ധതിയിൽ ജോസഫിനുള്ള പങ്കാളിത്തം എന്ത്?
19. ദൈവം മോശയെ അയച്ചപ്പോൾ അദ്ദേഹത്തെ ഏല്പിച്ച കാര്യങ്ങൾ എന്തെല്ലാം?
20. ഇസ്രായേൽജനം എന്തിന് വേണ്ടിയാണ് പെസഹാത്തിരുന്നാൾ ആചരിച്ചിരുന്നത്?
21. വി. അൽഫോൻസായുടെ വിജയരഹസ്യം എന്തായിരുന്നു?

**V. മൂന്നോനാലോ വാക്യത്തിൽ ഉത്തരമെഴുതുക** 9

22. ബൈബിളിലെ വചനങ്ങൾ ജീവദായകമായി മാറുന്നത് എങ്ങനെ?
23. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര നമുക്ക് നൽകുന്ന പാഠമെന്ത്?
24. തന്റെ ബാല്യകാല ജീവിതത്തെക്കുറിച്ചും വളർത്തമ്മയെക്കുറിച്ചും അന്നക്കുട്ടി (അൽഫോൻസ) അഭിമാനപൂർവ്വം പറഞ്ഞിരുന്നത് എപ്രകാരമാണ്?

**VI. ബൈബിൾ ഭാഗത്തുനിന്ന്, ഉദ്ധരിച്ച് അദ്ധ്യായവും വാക്യവും എഴുതുക** 4

25. "ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി ....................വിശ്വസിക്കുക".

26. "എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ ................................അരുവികൾ ഒഴുകും".

**VII. സന്ദർഭം വിവരിക്കുക** 6

27. "കൂടുതൽ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ മേലിൽ പാപം ചെയ്യരുത്".

28. "ലോകത്തിലേക്ക് വരാനിരിക്കുന്ന പ്രവാചകൻ സത്യമായും ഇവനാണ്".

**VIII. ഒരുപേജിൽ കവിയാതെ ഉത്തരമെഴുതുക** 5

29. തൃശ്ശൂർ അതിരൂപതയുടെ 125–ാം ജന്മവർഷം കൂട്ടായ്മവർഷമായി ആചരിക്കുന്നു. ഈ കൂട്ടായ്മ വർഷത്തിൽ കുട്ടികളായ നിങ്ങൾക്ക് കുട്ടികളുടെ ഇടയിൽ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിനായി എന്തുചെയ്യാൻ കഴിയും?

# ARCHDIOCESE OF TRICHUR

## Half Yearly Examination Sept.-2011

## Sunday Catechism

Std. VI — Time: 2hrs

Mark: 50

**I. പേരെഴുതുക** — 5

1. "യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും. ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോലുയരും".
   ആരുടെ പ്രവചനമാണിത്?
2. മനുഷ്യപാപങ്ങൾക്കു പരിഹാരമായി ഈശോ കാൽവരിയിൽ അർപ്പിക്കാനിരുന്ന ബലിയേയും
   അവിടുത്തെ മഹത്വപൂർണ്ണമായ ഉയിർപ്പിനേയും സൂചിപ്പിക്കുന്നത് എന്ത്?
3. സീറോമലബാർ സഭയുടെ ആരാധനാക്രമവത്സരത്തിലെ നാലാമത്തെ കാലം?
4. നേരായ പാതയിലൂടെ നടന്ന് നിത്യസൗഭാഗ്യത്തിലെത്തിച്ചേരാനുള്ള വഴികാട്ടിയായി ദൈവം
   മനുഷ്യന് നൽകിയതെന്ത്?
5. അനുതപിക്കുന്ന പാപികളോട് ദൈവം കാണിക്കുന്ന അതിരറ്റ കാരുണ്യം പ്രകടമാക്കാൻ ഈശോ
   അരുളിചെയ്ത ഉപമയേത്?

**II. പൂരിപ്പിക്കുക** — 5

6. —————— ആണ് മംഗളവാർത്താ-പിറവി കാലങ്ങളുടെ കേന്ദ്ര സംഭവം
7. —————— പ്രദേശത്തുവച്ച് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാണ്"
   എന്നു പത്രോസ്ശ്ലീഹ ഏറ്റു പറഞ്ഞു.
8. മർത്തായുടെയും മറിയത്തിന്റെയും സഹോദരനായിരുന്നു ——————.
9. ദൈവരാജ്യം സമീപിച്ചിരിക്കുന്നു, അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ എന്ന
   ആഹ്വാനത്തോടെയാണ് ഈശോ തന്റെ ——————ആരംഭിക്കുന്നത്.
10. ഉയിർപ്പുതിരുന്നാളിനൊരുക്കമായുള്ള നോമ്പാചരണത്തെ ——————എന്നാണു വിളിക്കുന്നത്.

**III. ചേരുംപടി ചേർക്കുക** — 2

| | | | |
|---|---|---|---|
| 11. | ഏ. ഡി. | - | ഈശോയുടെ മാമ്മോദീസ |
| 12. | സൂബാറ | - | ഈശോയ്ക്കുമുൻപുള്ള കാലം |
| 13. | ദനഹാത്തിരുന്നാൾ | - | കർത്താവിന്റെ വർഷം |
| 14. | ഉപവാസം | - | പ്രഖ്യാപനം |
| | | - | ഈശോയുടെ പിറവി |
| | | - | കൂടെ വസിക്കൽ |
| | | - | ജീവകാരുണ്യപ്രവർത്തനങ്ങൾ |

**IV. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** — 12

15. മംഗളവാർത്ത - പിറവികാലങ്ങളിൽ നമ്മിൽ നിറഞ്ഞുനിൽക്കേണ്ട മനോഭാവമെന്ത്?
16. ഈശോയുടെ മാമ്മോദീസവേളയിൽ ത്രിത്വരഹസ്യം വെളിവാക്കപ്പെട്ടത് എങ്ങനെ?
17. നോമ്പുകാലം നമുക്കു നൽകുന്ന ആഹ്വാനം എന്ത്?
18. കർത്താവിനു സ്വീകാര്യമായ വത്സരം എങ്ങനെയുള്ളതാണ്?
19. ലാസർ രോഗിയാണെന്നറിഞ്ഞിട്ടും ഈശോ ബഥാനിയായിലേയ്ക്ക് പോകാൻ
    താമസിച്ചതെന്തുകൊണ്ട്?
20. പിച്ചളസർപ്പത്തിന്റെ പ്രതിരൂപം ഈശോയിൽ അന്വർത്ഥമായതെങ്ങനെ?